SC3- 44763765-26 ,3445090-2026 01/07/2026

## ലേലം/ക്വട്ടേഷൻ നോട്ടീസ്

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ ഉപയോഗ ശൂന്യമായ സാധനസാമഗ്രികൾ (പാഴ്‌വസ്തുക്കൾ) വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷൻ / ലേലം ചെയ്ത് വിൽക്കുന്നു. ക്വട്ടേഷൻ/ലേലം 2026 ജൂലൈ മാസം 13 തിയ്യതി ഉച്ചക്ക് ശേഷം 2.00 മണിക്ക് പഞ്ചായത്ത് ഹാളിൽ വച്ച് പരസ്യമായി നടത്തുന്നതാണ്. മുദ്രവച്ച ക്വട്ടേഷൻ സമർപ്പിക്കുവാൻ താൽപര്യമുള്ളവർക്ക് അന്നേദിവസം ഉച്ചയ്ക്ക് 12 മണിവരെ ക്വട്ടേഷനുകൾ സമർപ്പിക്കാവുന്നതാണ്.

## ലേലം/ക്വട്ടേഷൻ വ്യവസ്ഥകൾ

1.ലേലത്തിൽ പങ്കെടുക്കുന്നവർ ലേല നടപടികൾക്ക് മുമ്പായി 500/- രൂപ നിരതദ്രവ്യം അടവാക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടവാക്കിയതിന്റെ രശീതി അടക്കം ചെയ്യേണ്ടതാണ്.

2.കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക ഉള്ളവർക്കും കരാർ ലംഘനം നടത്തിയവർക്കും ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അവകാശം ഉണ്ടായിരിക്കില്ല.

3.ഏതെങ്കിലും കാരണവശാൽ ലേലദിവസം അവധിയാകുന്ന പക്ഷം ടി ലേലം തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേസമയത്ത് നടത്തുന്നതായിരിക്കും.

4.ലേലം/ക്വട്ടേഷൻ സംബന്ധിച്ച് കേരള സംസ്ഥാനത്ത് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ലേലം/ക്വട്ടേഷനും ബാധകമായിരിക്കുന്നതാണ്.

5.ലേല/ക്വട്ടേഷൻ ദിവസത്തിനു മുമ്പുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകന്നേരം 3 മണി വരെയുള്ള സമയത്ത് സെക്രട്ടറിയുടെ അനുവാദത്തോടുകൂടി മാത്രം പാഴ് വസ്തുക്കൾ പരിശോധിക്കാവുന്നതാണ്.

6. ലേലം വിളിക്കുന്നതിന്റെ അടിസ്ഥാന നിരക്ക് പഞ്ചായത്ത് അസി.എഞ്ചിനിയർ നിശ്ചയിച്ച നിരക്കായിരിക്കുന്നതാണ്. ലേലം പൂർത്തിയായാൽ തുടർന്ന് ക്വട്ടേഷൻ തുറക്കുന്നതും ആയത് ഉൾപ്പെടെ പരിശോധിച്ച് ഏറ്റവും കൂടിയ നിരക്ക് കാണിച്ചവരുടെ ലേലം/ക്വട്ടേഷൻ താൽകാലികമായി ഉറപ്പിക്കുന്നതാണ്.

7. പഞ്ചായത്ത് സാംസ്കാരിക നിലയം/ വായനശാലയിൽ ഉള്ള ന്യൂസ് പേപ്പർ ലേലത്തിൽ എടുക്കാവുന്ന കിലോ റേറ്റ് ആണ് ലേലത്തിൽ വിളിക്കേണ്ടത്/ക്വട്ടേഷനിൽ കാണിക്കേണ്ടത്. കൂടാതെ വാർഡ് 12 ലുള്ള വായനശാലയുടെ മുകളിലുള്ള കെട്ടിടത്തിൻറെ പൊളിച്ച് മാറ്റിയ റൂഫിംങ്ങ് ഷീറ്റുകൾ ,ജനലുകൾ,ഉപയോഗശൂന്യമായ ഗ്ലാസ്സ്,പി വി സി പൈപ്പ്,ഇരുമ്പ് വസ്തുക്കൾ എന്നിവയുടെയും വിലകൾ പ്രത്യേകം കാണിക്കേണ്ടതാണ്.

8, ലേലം/ക്വട്ടേഷൻ താൽകാലികമായി ഉറപ്പിച്ച് ലഭിക്കുന്ന വ്യക്തി അപ്പോൾതന്നെ ലേലതുകയും നികുതിയും പൂർണ്ണമായും അടവാക്കേണ്ടതാണ്. ഇപ്രകാരം ലേലതുക അടവാക്കാതിരുന്നാൽ നിരത

ദ്രവ്യം പഞ്ചായത്തിൽ മുതൽക്കൂട്ടുന്നതും ലേലം ഉറപ്പിച്ച വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമാണ്.

9. ലേലം വിളിക്കുന്ന തുകയുടെ 18 ശതമാനം തുക ജി എസ് ടി ഒടുക്കേണ്ടതാണ്.

10. ലേലം/ക്വട്ടേഷൻ അംഗീകരിക്കുന്നതിനും /കാരണം കാണിക്കാതെ നിരസിക്കുന്നതിനും ഉള്ള അധികാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

11. ലേല നടപടികളുടെ ഏത് ഘട്ടത്തിലും ലേല നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനുണ്ടായിരിക്കുന്നതാണ്.

12. ലേലം/ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ ലേലം കൊണ്ട വസ്തുക്കൾ ഗ്രാമപഞ്ചായത്തിന്റെ പരിസരങ്ങളിൽ നിന്നും സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്.

13. ലേല നിബന്ധനകൾ ലംഘിക്കുന്ന പക്ഷം ഇ എം ഡി/ സെക്യൂരിറ്റി ഡെപ്പോസിറ്റ് / അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും ലേലം കൊണ്ട വ്യക്തിയുടെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

14. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്. **:-(ഫോൺ 049502252027)**http://tender.lsgkerala.gov.in/എന്ന **വെബ് സൈറ്റിലോ സന്ദർശിക്കേണ്ടതാണ്യ**

**ലേലം ചെയ്യുന്ന വസ്തുക്കൾ**

1.കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് വായനശാലയുടെ മുകളിലുള്ള കെട്ടിടത്തിൻറെ പൊളിച്ച് മാറ്റിയ റൂഫിങ്ങ് ഷീറ്റുകൾ,ജനലുകൾ,ഉപയോഗശൂന്യമായ ഗ്ലാസ്സ്,പിവിസി പൈപ്പ്,ഇരുമ്പ് വസ്തുക്കൾ

2. കൂടരഞ്ഞി പഞ്ചായത്ത് സാംസ്കാരിക നിലയം വായനശാലയിലുള്ള ന്യൂസ് പേപ്പർ

സെക്രട്ടറി
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

സുരേഷ് കുമാർ കെ (പെൻ - 584958)
സെക്രട്ടറി
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്
കോഴിക്കോട് - 673604
ഫോൺ : 0495 2252027

പകർപ്പ്

1. കൃഷിഭവൻ കൂടരഞ്ഞി
2. വില്ലേജ് ഓഫീസ് കൂടരഞ്ഞി
3. കുടുംബാരോഗ്യകേന്ദ്രം കൂടരഞ്ഞി
4. വെറ്ററിനറി ഹോസ്പിറ്റൽ കുമ്പാറ
5. ആയുർവേദ ഹോസ്പിറ്റൽ കൂടരഞ്ഞി
6. ഓഫീസ് നോട്ടീസ് ബോർഡ്
7. ഫയൽ

Phone: 0495 – 2252027
e-mail : koodaranhigp@gmail.com

# കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

പി.ഒ കൂടരഞ്ഞി, കോഴിക്കോട് ജില്ല, 673604

SC3 – 2265200-2026 01/07/2026/

## ലേല നോട്ടീസ്

2026-27 സാമ്പത്തിക വർഷത്തേക്കായി 31/03/2027 വരെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൻറെ അധീനതയിലുള്ള സ്ഥലങ്ങളിൽ നിന്നും താഴെ പറയുന്ന ഇനങ്ങളിൽ മേലനുഭവം എടുക്കുന്നതിനുള്ള ലേലം

| ക്രമനമ്പർ | ലേലം ചെയ്യുന്ന ഇനത്തിന്റെ പേര് | നിരത ദ്രവ്യം | ലേല തീയതി, സമയം |
|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ഫീ പിരിവ് | 1000 /- രൂപ | 13/07/2026,11 AM |
| 2 | ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലനുഭവം | 500 /- രൂപ | 13/07/2026, 11.30 AM |
| 3 | കൂടരഞ്ഞി ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീ പിരിവ്, | ഇല്ല | 13/07/2026, 12.00 PM |
| 4 | കമ്മ്യൂണിറ്റി ഹാളിന് സമീപമുള്ള കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | ഇല്ല | 13<br>/07/2026, 12.30 PM |

### ലേല നിബന്ധനകൾ

1.ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന അടിസ്ഥാന തുകയിൽ നിന്നും ലേലം വിളി ആരംഭിക്കുന്നതും ഏറ്റവും വലിയ തുക ലേലം വിളിക്കുന്ന ആളുടെ ലേലം അപ്പോൾ തന്നെ താൽക്കാലികമായി അംഗീകരിക്കുന്നതും പിന്നീട് ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതുമായിരിക്കും. ലേലവുമായി ബന്ധപ്പെട്ട അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള പരമാധികാരം പഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കും.

2. ബസ് സ്റ്റാന്റ് ഫീ ഒരു ബസ്സിന് (സ്വകാര്യ ബസ്സുകൾ മാത്രം) ഒരു ദിവസത്തേക്ക് 10/- രൂപ എന്ന നിരക്കിലാണ് പിരിക്കേണ്ടത്. ഇതിനാവശ്യമായ രശീത് ബുക്കുകൾ ലേലം കൊണ്ട ആൾ സ്വന്തം ചിലവിൽ അച്ചടിക്കേണ്ടതാണ്.

3. കക്കൂസ് ഉപയോഗിക്കുന്നതിന് ഒരു തവണ 5/- രൂപയിൽ കൂടുതലും, മൂത്രപ്പുര ഉപയോഗിക്കുന്നതിന് 3/- രൂപയിൽ കൂടുതലും ഈടാക്കാൻ പാടുള്ളതല്ല.

4.ഏറ്റവും വലിയ തുകക്കും രണ്ടാമത്തെ വലിയ തുകക്കും ലേലം വിളി നടത്തിയവരുടെ നിരതദ്രവ്യം റസീപ്റ്റായി അടവാക്കേണ്ടതും മറ്റുള്ളവരുടെ നിരതദ്രവ്യതുക ലേലം കഴിഞ്ഞ ഉടനെ തന്നെ മടക്കി നൽകുന്നതുമാണ്.

5..ലേലത്തിൽ പങ്കെടുക്കുന്നുവർ ലേലം ചെയ്യുന്ന ഇനങ്ങൾ നേരത്തെ തന്നെ പരിശോധിച്ച് ബോധ്യപ്പെട്ട് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. പിന്നീട് വരുന്ന അവകാശവാദങ്ങൾ സ്വീകരിക്കുന്നതല്ല

6.ലേലദിവസം തന്നെ താൽക്കാലികമായി ഉറപ്പിക്കപ്പെടുന്ന വ്യക്തി ലേല തുകയുടെ 1/3 തുക അന്നു തന്നെ ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ അടവാക്കേണ്ടതാണ്..

7.ലേല ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തിദിവസം മേൽ നിർദ്ദേശിച്ച പ്രകാരം ലേലം നടത്തുന്നതാണ്.

Phone: 0495 – 2252027
e-mail : koodaranhigp@gmail.com

# കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

പി.ഒ കൂടരഞ്ഞി, കോഴിക്കോട് ജില്ല, 673604

8.ക്വൊട്ടേഷൻ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നവർ ലേല സമയത്തിന് പത്തു മിനിട്ടു മുമ്പായി ആയത് സമർപ്പിക്കേണ്ടതാണ്.

9.നിരതദ്രവ്യം ക്വൊട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതുമാണ്.

10.ലേലം പൂർണ്ണമായും അംഗീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് ഉണ്ടായിരിക്കുന്നതാണ്.

11.ലേല സംഖ്യയോടൊപ്പം നിശ്ചിത നിരക്കിലുള്ള ജി.എസ്.ടി അടവാക്കുവാൻ ലേലം എടുക്കുന്ന ആൾ ബാധ്യസ്ഥനാണ്.

12.ലേലത്തിൽ പങ്കെടുക്കുന്നതിന് തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്.

13.പഞ്ചായത്തിലേക്ക് ഏതെങ്കിലും തുക കുടിശ്ശിക വരുത്തിയവർക്ക് ഏതെങ്കിലും ലേല വ്യവസ്ഥകളോ കരാർ വ്യവസ്ഥകളോ ലംഘിച്ചിട്ടുള്ളവർക്കോ ലേലത്തിൽ പങ്കെടുക്കുവാൻ അവകാശമില്ലാത്തതാകുന്നു.

14.പഞ്ചായത്തിൽ കെട്ടി വെച്ച തുകക്ക് യാതൊരു പലിശയും നൽകുന്നതല്ല.

15.പണിമുടക്ക്, ബന്ദ് തുടങ്ങിയവയോ പഞ്ചായത്ത് സെക്രട്ടറിയുടെ നിയന്ത്രണപരിധിക്ക് അപ്പുറത്ത് വരുന്ന മറ്റ് കാരണങ്ങളാലോ ഉണ്ടാകുന്ന നഷ്ടത്തിന് പഞ്ചായത്തിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

16.ലേലത്തിന് പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും നടപടികളിൽ ഏർപ്പെട്ടെന്ന് ബോധ്യപ്പെടുന്ന ലേലക്കാരനെ ലേലത്തിൽ നിന്നും പുറത്താക്കുന്നതാണ്.

17.ഗവണ്മെൻറിൽ നിന്നും അതാത് അവസരങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകളോ നിർദ്ദേശങ്ങളോ പാലിക്കാൻ ലേലക്കാർ ബാധ്യസ്ഥരായിരിക്കുന്നതാണ്..

18.കൂടുതൽ വിവരങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഓഫീസുമായോ (ഫോൺ 0495 2252027) http://tender.lsgkerala.gov.in/എന്ന വെബ്സൈറ്റിലോ സന്ദർശിക്കേണ്ടതാണ്.

സെക്രട്ടറി
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

സുരേഷ് കുമാർ കെ (പെൻ-584958)
സെക്രട്ടറി
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്
കോഴിക്കോട് – 673604
ഫോൺ : 0495 2252027

<u>പകർപ്പ്</u>

1.കൃഷിഭവൻ കൂടരഞ്ഞി
2.വില്ലേജ് ഓഫീസ് കൂടരഞ്ഞി
3. കുടുംബാരോഗ്യകേന്ദ്രം കൂടരഞ്ഞി
4.വെറ്ററിനറി ഹോസ്പിറ്റൽ കൂമ്പാറ
5.ആയുർവേദഹോസ്പിറ്റൽ കൂടരഞ്ഞി
6.ഓഫീസ് നോട്ടീസ് ബോർഡ്
7.ഫയൽ

Phone: 0495 – 2252027
e-mail : koodaranhigp@gmail.com

# കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

പി.ഒ കൂടരഞ്ഞി, കോഴിക്കോട് ജില്ല, 673604

SC3-2026/342 തീയ്യതി : 01/07/2026

## കൂടരഞ്ഞി ടൗൺ ഷോപ്പിംഗ് കോംപ്ളക്സ് കെട്ടിട മുറികളുടെ പുനർ ലേലം / ക്വട്ടേഷൻ

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കൂടരഞ്ഞി ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ ഒഴിവുള്ള ഒരു കട മുറി നിലവിലെ അവസ്ഥയിൽ 2027 മാർച്ച് 31 വരെയുള്ള കാലയളവിലേക്കും തുടർന്നും ഉപയോഗിക്കുന്നതിനുമുള്ള അവകാശം 15/07/2026 രാവിലെ 11.30 മണിക്ക് കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് നൽകുന്ന വിവരം അറിയിക്കുന്നു. ക്വട്ടേഷൻ സമ്പ്രദായം മുഖേനയും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

| ROOM NUMBER | ROOM NO:3 (KP12/750 D) |
|---|---|
| വിസ്തീർണം | 21.732 ചമി. |
| CATEGORY | ജനറൽ |
| അടിസ്ഥാന വാടക | 3500 രൂപ |
| ഇ.എം.ഡി | 4000 രൂപ |
| അധിക നിക്ഷേപം | 30000 രൂപ |

**നിബന്ധനകൾ**

1) ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 4000/- രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്. ക്വട്ടേഷനുകൾ ലേല സമയത്തിൻറെ അര മണിക്കൂർ മുമ്പായി ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ നൽകി രശീതി വാങ്ങേണ്ടതാണ്. ക്വട്ടേഷൻ കവറിന് പുറത്ത് കെട്ടിട മുറിയുടെ നമ്പർ/വിവരണം രേഖപ്പെടുത്തേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് നിരതദ്രവ്യം ഒടുക്കിയ രശീതി കാണിക്കുന്ന മുറക്ക് ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള ടോക്കണുകൾ ലഭിക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് സീൽ പതിച്ച ടോക്കൺ കൈവശമുള്ളവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അഹതയുണ്ടായിരിക്കുകയുള്ളൂ.

2) ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച അധിക നിക്ഷേപം അടവാക്കാൻ തയ്യാറുള്ളവർക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. നിർണ്ണയിക്കപ്പെട്ട മിനിമം വാടകയിൽ നിന്നും

ലേലം ആരംഭിക്കുന്നതും ഏറ്റവും കൂടുതൽ തുകക്ക് ലേലം/ക്വട്ടേഷൻ ചെയ്യുന്നവരുടെ പേരിൽ ലേലം താൽകാലികമായി ഉറപ്പിക്കുന്നതാണ്. ലേലം/ക്വട്ടേഷൻ താൽകാലികമായി ഉറപ്പിക്കുന്നവർ അപ്പോൾതന്നെ അധികനിക്ഷേപമായി നിജപ്പെടുത്തപ്പെട്ട തുകയുടെ 50% അടവാക്കി രസീതി കൈപ്പറ്റേണ്ടതാണ്. ലേലം പഞ്ചായത്ത് സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ചാൽ 7 ദിവസത്തിനകം 200/-രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത കരാർ എഴുതി നൽകേണ്ടതും അധിക നിക്ഷേപത്തിന്റെ ബാക്കി തുകയും 3 മാസത്തെ വാടകക്ക് തുല്യമായ തുക സെക്യൂരിറ്റി നിക്ഷേപമായി അടവാക്കേണ്ടതാണ്.

3) യാതൊരു കാരണവശാലും മുറികൾ മറ്റു വ്യക്തികൾക്ക് മറിച്ചു നൽകുകയോ ഘടനയിൽ മാറ്റം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

4) ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ തിരിച്ചറിയൽ രേഖ ലേല സമയത്ത് ഹാജരാക്കേണ്ടതാണ്. (ആധാർ,ഡ്രൈവിംഗ് ലൈസൻസ്,ഇലക്ഷൻ ഐഡി,പാൻ കാർഡ്,തുടങ്ങിയ അംഗീകൃത തിരിച്ചിറിയൽ രേഖകൾ).

5) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇത് സംബന്ധമായ എല്ലാ നിബന്ധനകളും കേരള പഞ്ചായത്ത് രാജ് ആക്ട് 1994, കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ) 2005, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ, വാടക സംബന്ധിച്ച സർക്കാർ ഉത്തരവുകൾ എന്നിവയും ലേലം കൊള്ളുന്നയാൾ പാലിക്കേണ്ടതാണ്.

6) ലേലം താത്കാലികമായി ഉറപ്പിച്ച വ്യക്തിയുടെ ഇ.എം.ഡി തുകയും , ലേലത്തിൽ രണ്ടാമതായി വന്നയാളുടെ ഇ എം ഡി യും ഒഴികെയുള്ള ഇ.എം.ഡികൾ അന്നുതന്നെ തിരികെ നൽകുന്നതാണ്.

7) ഗ്രാമപഞ്ചായത്തുമായി ലേലം കൊണ്ടയാൾ നിയമാനുസൃതമായ ഉടമ്പടി വെക്കേണ്ടതും എല്ലാ മാസവും 5ാം തിയ്യതിക്ക് മുമ്പായി മാസ വാടകയും 18% GST ഉൾപ്പെടെ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. വർഷം തോറും വാടക തുക മേൽ 5% വർദ്ധനവ് ഉണ്ടായിരിക്കുന്നതാണ്. വാടക തുടരുന്നതിന് താത്പര്യമുള്ളവർ ഓരോ വർഷവും ഫെബ്രുവരി മാസത്തിൽ തന്നെ വാടക കരാർ പുതുക്കി നൽകുന്നതിനായി അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ നൽകാത്ത പക്ഷം വാടക കരാർ പുതുക്കുന്നതിന് ലേലം കൊണ്ടയാൾക്ക് താത്പര്യമില്ല എന്ന അനുമാനത്തിൽ ഒഴിപ്പിക്കൽ നടപടികൾ ആരംഭിക്കുന്നതാണ്. കൂടാതെ തുടർച്ചയായി 2 മാസത്തെ വാടക കുടിശ്ശിക വരുത്തിയാലും ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നതാണ്.

8) ഗ്രാമപഞ്ചായത്ത് ഈടാക്കുന്ന അധിക നിക്ഷേപത്തിൻമേൽ യാതൊരു പലിശയും അവകാശപ്പെടാൻ ആർഹതയുണ്ടായിരിക്കുന്നതല്ല.

9) ഇ.എം.ഡിയും, അധിക നിക്ഷേപത്തിന്റെ 50% അടവാക്കി അതിന് അനുസൃതമായി മുറി താത്കാലികമായി ഉറപ്പിച്ചു നൽകിയാൽ അതേ ഇ.എം.ഡിയും അധികനിക്ഷേപവും പ്രകാരം മറ്റു മുറികളുടെ ലേലത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

10) ലേലം കൊള്ളുന്ന വ്യക്തി ലേല നിബന്ധനകൾക്ക് വിരുദ്ധമായി രീതിയിൽ പ്രവർത്തിക്കുന്ന പക്ഷം ഡെപ്പോസിറ്റ് തുക, അധിക നിക്ഷേപ തുക എന്നിവ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടുന്നതും മുറി ഒഴിപ്പിക്കുന്നതുമാണ്.

11) ലേലം കൊണ്ട വ്യക്തി 7 ദിവസത്തിനകം എഗ്രിമെന്റ് വെക്കാതിരിക്കുകയോ, ബാക്കി തുക നികുതി സഹിതം അടവാക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ടിയാന്റെ വസ്തു വകകളിൽ നിന്നും കെട്ടിട

Phone: 0495 – 2252027
e-mail : koodaranhigp@gmail.com

# കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

പി.ഒ കൂടരഞ്ഞി, കോഴിക്കോട് ജില്ല, 673604

നികുതി കുടിശ്ശിക ഈടാക്കുന്നതുപോലെ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതായിരിക്കും.

12) ലേലം അംഗീകരിക്കുന്നതിനോ, നിരസിക്കുന്നതിനോ ഉള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും.

13) പരസ്യപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും മുറികൾ ലേല ദിവസത്തിനു മുമ്പായി ലേലത്തിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും.

14) മുറികൾ ഉപയോഗിക്കുന്നതിനുള്ള അവകാശം ലഭിച്ചാൽ മുറികൾക്ക് യാതൊരുവിധ ഭേദഗതികളും വരുത്താൻ പാടില്ലാത്തതും ഷോപ്പിംഗ് കോംപ്ലക്സിലെ പൊതുസ്ഥലത്ത് അനധികൃതമായി ബോർഡുകളോ പരസ്യങ്ങളോ സ്ഥാപിക്കാൻ പാടില്ലാത്തതുമാണ്.

15) മത്സ്യ, മാംസ, സിമന്റ് കച്ചവടങ്ങൾക്ക് മുറികൾ അനുവദിക്കുന്നതല്ല.

16) അമ്പതിനായിരം രൂപയിൽ അധികം വരുന്ന തുക ഡി.ഡി/ONLINE BANK TRANSFER (NEFT, RTGS) മുഖേന അടവാക്കേണ്ടതാണ്.

17) ലേലം ചെയ്യുന്ന മുറികളുടെ സ്ഥിതി കാണിക്കുന്ന പ്ലാൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള 3 റൂമുകളാണ് ലേലം ചെയ്യുന്നത്

ഗ്രാമപഞ്ചായത്ത് സെക്രട്ടറി / ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ലേലം നടത്തുന്നതാണ്. ഏതെങ്കിലും അനിവാര്യ സാഹചര്യത്തിൽ ലേല തിയ്യതിയിൽ നടത്താൻ സാധിക്കാതെ വരുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം ലേലം നടത്തുന്നതാണ്. കൂടതൽ കാര്യങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

സെക്രട്ടറി

കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

സുരേഷ് കുമാർ കെ (പെൻ-584958)
സെക്രട്ടറി
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്
കോഴിക്കോട് – 673604
ഫോൺ : 0495 2252027

പകർപ്പ്
1.കൃഷിഭവൻ കൂടരഞ്ഞി
2.വില്ലേജ് ഓഫീസ് കൂടരഞ്ഞി
3. കുടുംബാരോഗ്യകേന്ദ്രം കൂടരഞ്ഞി
4.വെറ്ററിനറി ഹോസ്പിറ്റൽ കുമ്പാറ
5.ആയുർവേദഹോസ്പിറ്റൽ കൂടരഞ്ഞി
6.ഓഫീസ് നോട്ടീസ് ബോർഡ്
7.ഫയൽ